**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കരാറുകാർക്കും ഗുണഭോക്താക്കൾക്കും നൽകുന്ന പേയ്മെന്റുകൾ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിന് നിർദ്ദേശം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം. 1805/2014/തസ്വഭവ തിരുവനന്തപുരം, തീയതി:14.07.2014.

---

പരാമർശം:- (1) 12.04.2006-ലെ സ.ഉ(പി)നം.177/2006/ധന;
(2) 02.07.2014-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ **2.10** നമ്പർ തീരുമാനം

**ഉത്തരവ്**

പരാമർശം(1) ഉത്തരവ് പ്രകാരം കരാറുകാർക്കും ഗുണഭോക്താക്കൾക്കും നൽകാനുള്ള 1000/-രൂപയിൽ കൂടുതലുള്ള തുക ഡിമാന്റ് ഡ്രാഫ്റ്റായി നൽകണമെന്ന് ഉത്തരവായിട്ടുണ്ട്. പരാമർശം(2) കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കരാറുകാർക്കും ഗുണഭോക്താക്കൾക്കും നൽകുന്ന പേയ്മെന്റുകൾ അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ബത്ത തുടങ്ങിയവ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്കോ അവരുടെ രക്ഷകർത്താക്കളുടെ അക്കൗണ്ടിലേയ്ക്കോ നൽകേണ്ടതാണെന്നും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**സി.വത്സല**
**ഗവ.ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ആഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
കൺവീനർ, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി,കാനറാ ബാങ്ക്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
ധനകാര്യ വകുപ്പ്
ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
സെക്രട്ടറി, മുൻസിപ്പൽ ചെയർ പേഴ്സൺമാരുടെ ചേംബർ
സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാരുടെ ചേംബർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള,. പൊതുഭരണ(എസ്.സി)വകുപ്പ്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**